**ഫയൽ നം : G2/121/2024-TC** **തീയതി : 22-01-2025**

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,

വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014

ഇ-മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471-2333317

**സർക്കുലർ നം :- 1/2025**

വിഷയം :- മോട്ടോർ വാഹന വകുപ്പ് - ആർ.ടി ഓഫീസുകൾ സ്മാർട്ട് ഓഫീസുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി ഓഫീസുകളിലെ സന്ദർശന സമയം ക്രമീകരിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1)28.02.2024 തീയതിയിലെ 08/2024 നമ്പർ സർക്കുലർ

2)01.01.2025 തീയതിയിലെ 26/2024 നമ്പർ സർക്കുലർ

മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ വിവിധ സേവനങ്ങൾക്കായി ലഭിക്കുന്ന അപേക്ഷകൾ, പൊതുജനങ്ങളുടെ നിവേദനങ്ങൾ/പരാതികൾ എന്നിവ ക്രമാതീതമായി വർദ്ധിച്ചു വരുന്ന സാഹചര്യത്തിലും ഓഫീസുകളിൽ വിവിധ അന്വേഷണങ്ങൾക്കായി വരുന്ന ഫോൺ കോളുകളുടെ എണ്ണം വളരെ അധികമാകുന്നതിനാലും സേവനവകാശ നിയമത്തിൽ നിഷ്കർഷിക്കുന്ന സമയപരിധിക്കുള്ളിൽ ആയത് തീർപ്പാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നു. ഈ സാഹചര്യത്തിൽ, പൊതുജനങ്ങൾക്ക് അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും ആയതിന്റെ നിലവിലുള്ള സ്റ്റാറ്റസ് ഓഫീസിൽ എത്താതെ തന്നെ മനസ്സിലാക്കുന്നതിനും, പി.ആർ.ഓ.മാരുടെ ജോലി ഭാരം കുറയ്ക്കുന്നതിനും, ‘ease of doing business’ എന്ന സർക്കാർ നയവും ‘paperless office’ എന്ന ആശയവും കാര്യക്ഷമമായി നടപ്പാക്കി വകുപ്പിലെ ഓഫീസുകളെ "സ്മാർട്ട് ഓഫീസ്" ആക്കി മാറ്റേണ്ടതുണ്ട്. കൂടാതെ അപേക്ഷകൾ സമയപരിധിക്കുള്ളിൽ തീർപ്പാക്കുന്നതിന് ജീവനക്കാർക്ക് കൂടുതൽ സമയം ലഭ്യമാകുന്നത് പൊതുജനങ്ങൾക്ക് ഗുണകരമാകുന്നതിനാൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കർശനമായി

പാലിക്കേണ്ടതാണ്.

1)ഫോൺ മുഖേനയുള്ള അന്വേഷണങ്ങളും പരാതികളും സ്വീകരിക്കപ്പെടുന്ന കൌണ്ടറുകളുടെ സമയം രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെയായി പരിമിതപ്പെടുത്തുക.

2)പൊതുജനങ്ങൾക്ക് ആർ.ടി.ഓ/ജോയിന്റ് ആർ.ടി.ഓ-യെ നേരിൽക്കണ്ട് പരാതികൾ സമർപ്പിക്കുന്നതിനുള്ള സമയം രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെയായി പരിമിതപ്പെടുത്തുക.

3)പൊതുജനങ്ങൾക്ക് ഇ-മെയിൽ മുഖേന അപേക്ഷകൾ / നിവേദനങ്ങൾ സമർപ്പിക്കുന്നതിനും മറുപടി നൽകുന്നതിനുമുള്ള സൗകര്യം ഓഫീസ് മേധാവികൾ ഉറപ്പാക്കേണ്ടതാണ്

4) എല്ലാ ഓഫീസിന്റെയും വെളിയിൽ സ്ഥാപിച്ചിട്ടുള്ള നോട്ടീസ് ബോർഡിൽ ചുവടെ പറയുന്ന കാര്യങ്ങൾ പ്രദർശിപ്പിക്കേണ്ടതാണ് .

i)ഫോൺ മുഖേനയുള്ള അന്വേഷണങ്ങളും പരാതികളും സ്വീകരിക്കപ്പെടുന്ന കൌണ്ടറുകളുടെ സമയം രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെയായിരിക്കും

ഫോൺ നമ്പർ : ...(PRO Landline number with Caller ID facility)-----

ii) പൊതുജനങ്ങൾക്ക് ആർ.ടി.ഓ / ജോയിന്റ് ആർ.ടി.ഓ-യെ നേരിൽക്കണ്ട് പരാതികൾ സമർപ്പിക്കുന്നതിനുള്ള സമയം രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെയായിരിക്കും

iii) പരാതികൾ അയക്കേണ്ട ഇ-മെയിൽ വിലാസം :------RTO/SRTO

Email ID-------------

iv) അക്ഷയകേന്ദ്രങ്ങൾ , ഇ-സേവാകേന്ദ്രങ്ങൾ എന്നിവയുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് പൊതുജനങ്ങൾ ഓഫീസുകളിൽ

നൽകേണ്ട അപേക്ഷകളും,നിവേദനങ്ങളും കഴിവതും ഇ-മെയിൽ മുഖേന അയക്കേണ്ടതാണ്. വിവിധ അപേക്ഷകളിന്മേലുള്ള മറുപടി ഇ-മെയിൽ മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതാണ് .

മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഓഫീസ് മേധാവിക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

സൂചന സർക്കുലറുകൾ ഇപ്രകാരം ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

Signed by
Chakilam Nagaraju
Date: 22-01-2025 10:09:38

**NAGARAJU CHAKILAM IPS**

**TRANSPORT COMMISSIONER**

സ്വീകർത്താവ് :- 1).എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും

2).എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

3).എല്ലാ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

4).എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

5).ട്രാൻസ്പോർട്ട് കമ്മീഷണർ, അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ,ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ & സെക്രട്ടറി, എസ്.റ്റി.എ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്), സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ(ടാക്സേക്ഷൻ), സീനിയർ അഡ്മിനിസ്ട്രേറ്റീവ്

ഓഫീസർ, സീനിയർ ഫിനാൻസ് ഓഫീസർ, സീനിയർ ലോ ഓഫീസർ എന്നിവരുടെ സി.എ-മാർക്കും, അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണർക്കും, അസിസ്റ്റന്റ് സെക്രട്ടറി, എസ്.റ്റി.എ-യ്ക്കും അക്കൌണ്ട്സ് ഓഫീസർക്കും, നോഡൽ ഓഫീസർ എസ്.എസ്.ജി..യ്ക്കും  എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും

| മോട്ടോർ വാഹന വകുപ്പ്, കേരളം |
|---|